"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ സിസ്റ്റത്തിലേക്ക് മാറ്റിക്കൊണ്ടും, തദനുസരണമായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.42/2025/HOME തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:-
1. പ്രോസിക്യൂഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 2) വകുപ്പ് നടത്തിയ 2019 ലെ പ്രവൃത്തി പഠന റിപ്പോർട്ട്
2. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 22.11.2022, 09.08.2023, 25.09.2023, 18.06.2024, 13.11.2024 തീയതികളിലെ 1075/കെ/19/ഡിജിപി നം കത്തുകൾ

**ഉത്തരവ്**

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ മാറ്റുന്നതും തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണമെന്ന് പരാമർശം (2) ലെ കത്തുകൾ പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നു. പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലെയും മിനിസ്റ്റീരിയൽ ജീവനക്കാർക്കായി ഒരു സ്റ്റാഫ് പാറ്റേൺ സൃഷ്ടിക്കുക എന്നതായിരുന്നു പ്രോസിക്യൂഷൻ വകുപ്പിൽ നടത്തിയ പ്രവർത്തി പഠനത്തിന്റെ പ്രധാന ലക്ഷ്യം.

2. പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ നിലവിലുള്ള മിക്സഡ് സ്റ്റാഫ് പാറ്റേൺ മാറ്റി സബോർഡിനേറ്റ് ഓഫീസുകളിലേതുപോലെ ഒരു ഏകീകൃത ക്ലറിക്കൽ സ്റ്റാഫ് പാറ്റേണിലേക്ക് മാറ്റാൻ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 18 പുതിയ തസ്തികകൾ സൃഷ്ടിക്കാനും, നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ പദവി ഉയർത്താനും, നിലവിലുള്ള തസ്തികകൾ പുനർനാമകരണം ചെയ്യുവാനും പരാമർശം (1) ലെ റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്തിരുന്നു.

<u>തസ്തികകൾ സൃഷ്ടിക്കാൻ ശിപാർശ ചെയ്തവ</u>

| ക്രമ നം. | ഓഫീസ് | തസ്തിക | എണ്ണം |
|---|---|---|---|
| 1 | ഡയറക്ടറേറ്റ് | അക്കൗണ്ട്സ്-കം-അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (പൊതുഭരണ വകുപ്പ് അണ്ടർ സെക്രട്ടറി റാങ്കിൽ) | 1 |
| 2 | ഡയറക്ടറേറ്റ് | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | ഡയറക്ടറേറ്റ് | ക്ലർക്ക് | 2 |
| 4 | ജില്ലാ ഓഫീസുകൾ | ടൈപ്പിസ്റ്റ് | 14 |
| **ആകെ** | | | **18** |

ഡയറക്ടറേറ്റിൽ പദവി ഉയർത്താൻ ശിപാർശ ചെയ്ത തസ്തിക

| നിലവിലെ തസ്തിക | പുതിയ തസ്തിക | എണ്ണം |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ | ജോയിന്റ് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ | 1 |

ഡയറക്ടറേറ്റിൽ പുനർനാമകരണം ചെയ്യാൻ ശിപാർശ ചെയ്ത തസ്തികകൾ

| നിലവിലെ തസ്തിക | പുനർനാമകരണം ചെയ്യേണ്ടത് | എണ്ണം |
|---|---|---|
| സെക്ഷൻ ഓഫീസർ | സീനിയർ സൂപ്രണ്ട് | 1 |
| അസിസ്റ്റന്റ് | ക്ലർക്ക് | 3 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

എ) പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ സിസ്റ്റത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകുന്നു.

(ബി) പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ട് ആക്കി മാറ്റുന്നു. ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഇല്ലാതെ സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കപ്പെടുന്നതിനാൽ, സീനിയർ സൂപ്രണ്ട് തസ്തികയ്ക്ക് കേരള ജനറൽ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന നിയമനരീതി പിന്തുടരേണ്ടതാണ്.

(സി) നിലവിലുള്ള അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്ക് തസ്തികകളാക്കി മാറ്റുന്നു.

(ഡി) അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്കായി മാറ്റുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ലാഭം കണക്കിലെടുത്ത് പ്രോസിക്യൂഷൻ ഡയറക്ടേറ്റിൽ രണ്ട് ക്ലാർക്ക് തസ്തികകൾ അധികമായി

സൃഷ്ടിക്കുന്നു.

(ഇ) മേൽ പ്രകാരം പ്രോസിക്യൂഷൻ വകുപ്പിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ പാറ്റേണിലേക്ക് മാറുന്ന സാഹചര്യത്തിൽ, ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് പ്രോസിക്യൂഷൻ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം (with C/L)

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരളം, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നമ്പർ- 2741 തീയതി 27.02.2025)

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് (18.05.2024 ലെ എ. ആർ 2-1/15/2024-ഉ.ഭ.പ നം കുറിപ്പ് പ്രകാരം)

ധനകാര്യ വകുപ്പ്(07.08.2021 ലെ വ്യയം- എ3/118/2021-ധന നമ്പർ കുറിപ്പ് പ്രകാരം)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (e- 2330599)

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 28-02-2025 16:55:08
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 27-02-2025

ഫയൽ നം. എസ്1/49/2023/ആഭ്യന്തരം.

ഇനം നം: 2741

വിഷയം : ആഭ്യന്തര വകുപ്പ് - പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതും, തദനുസരണമായി തസ്തിക സൃഷ്ടിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Sarada

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
2 8 FEB 2025

2741

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എസ് 1/49/2023-ആഭ്യന്തരം |
| 2. | വകുപ്പ് | : ആഭ്യന്തര (എസ്) വകുപ്പ് |
| 3. | വിഷയം | : ആഭ്യന്തര വകുപ്പ്-പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ സിസ്റ്റത്തിലേക്ക് മാറ്റുന്നതും, തദനുസരണമായി തസ്തിക സൃഷ്ടിക്കുന്നതും സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 13.08.2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ. നവീൻ കൃഷ്ണൻ ജി ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 18.02.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 18.02.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 20.02.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 21.02.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ മാറ്റുന്നതും തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലെയും മിനിസ്റ്റീരിയൽ ജീവനക്കാർക്കായി ഒരു സ്റ്റാഫ് പാറ്റേൺ സൃഷ്ടിക്കുക എന്നതായിരുന്നു പ്രോസിക്യൂഷൻ വകുപ്പിൽ നടത്തിയ പ്രവർത്തി പഠനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിനായി ഓരോ തപാലും കൈകാര്യം ചെയ്യുന്നതിനും തീർപ്പാക്കുന്നതിനും ആവശ്യമായ സമയം പരിശോധിച്ച് ജോലി ഭാരം വിശകലനം ചെയ്തു. ഡയറക്ടറേറ്റിൽ സെക്രട്ടേറിയറ്റ് പാറ്റേണും സബോർഡിനേറ്റ് ഓഫീസുകളിലെ ക്ലറിക്കൽ സ്റ്റാഫ് പാറ്റേണും ഇടകലർന്ന സ്റ്റാഫ് പാറ്റേൺ പിന്തുടരുന്നതായി പഠനത്തിൽ ബോധ്യപ്പെട്ടു.

**പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു**

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) | 1 |
| 2 | സെക്ഷൻ ഓഫീസർ (ഡെപ്യൂട്ടേഷൻ) | 1 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 4 | അസിസ്റ്റന്റ് (ഡെപ്യൂട്ടേഷൻ) | 3 |
| 5 | പേഴ്സണൽ അസിസ്റ്റന്റ് | 1<br>(31.01.2018-ലെ സ.ഉ. (കൈ.) നം.17/2018/ആഭ്യന്തരം നം ഉത്തരവ് പ്രകാരം ഡയറക്ടറേറ്റിൽ ഒരു പേഴ്സണൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുകയും |

| | | |
|---|---|---|
| | | ചെയ്തിട്ടുണ്ട്) |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1+1(ഡെപ്യൂട്ടേഷൻ) |
| 7 | ക്ലാർക്ക് | 1 |
| 8 | ടൈപ്പിസ്റ്റ് | 2 |
| 9 | ഓഫീസ് അറ്റന്റന്റ് | 2 |
| 10 | **ആകെ** | 14 |

3) ഡയറക്ടറേറ്റിലെ സ്റ്റാഫ് പാറ്റേണിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ പ്രവൃത്തി പഠന റിപ്പോർട്ട് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഡയറക്ടറേറ്റിൽ ഒരു മിക്സഡ് സ്റ്റാഫ് പാറ്റേണാണ് പിന്തുടരുന്നത്; ഇത് മാറ്റി സബോർഡിനേറ്റ് ഓഫീസുകളിലേതുപോലെ ഒരു ഏകീകൃത ക്ലറിക്കൽ സ്റ്റാഫ് പാറ്റേണിലേക്ക് മാറ്റാൻ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. മൂന്ന് അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്ക് തസ്തികകളാക്കി മാറ്റാനും, നിലവിലുള്ള ഒരു തസ്തികയ്ക്ക് പുറമേ രണ്ട് പുതിയ ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനും, കൂടാതെ നിലവിലുള്ള രണ്ട് ടൈപ്പിസ്റ്റ് തസ്തികകളും രണ്ട് ഓഫീസ് അറ്റൻഡൻറ് തസ്തികകളും നിലനിർത്താനും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

4) ഡയറക്ടറേറ്റിൽ നിയമ വിഭാഗം, ഭരണ വിഭാഗം എന്നിങ്ങനെ രണ്ട് സെക്ഷനുകൾ രൂപീകരിക്കാൻ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. നിയമ വിഭാഗത്തിന് രണ്ട് ക്ലാർക്ക് തസ്തികകളും ഭരണ വിഭാഗത്തിന് നാല് ക്ലാർക്ക് തസ്തികകളും ഉണ്ടായിരിക്കും, അതനുസരിച്ച് വിഷയവിഭജനം ചെയ്യാവുന്നതാണ്. കാര്യക്ഷമമായ മേൽനോട്ടം ഉറപ്പാക്കാൻ ഒരു സെക്ഷന് ജൂനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കാനും മറ്റേ സെക്ഷന്റെ മൊത്തത്തിലുള്ള മേൽനോട്ടത്തിനായി നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ടായി മാറ്റാനും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

5) ഭരണ നിയന്ത്രണവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ തസ്തിക ജോയിന്റ് ഡയറക്ടർ ഓഫ് പ്രോസിക്യൂഷനായി ഉയർത്തുന്നതിനും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. കൂടാതെ പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന അക്കൗണ്ട്സ് കം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഒരു പുതിയ തസ്തിക സൃഷ്ടിക്കാനും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

6) പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും പ്രോസിക്യൂഷൻ വകുപ്പിലെ ജില്ലാ ഓഫീസുകളിലെയും തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ നിർദ്ദിഷ്ട ശുപാർശകൾ **അനുബന്ധം (എ)** ആയും , പൊതു ശുപാർശകൾ **അനുബന്ധം (ബി)** ആയും ചേർത്തിരിക്കുന്നു.

7) റിപ്പോർട്ടിലെ ശിപാർശകൾ, പ്രത്യേകിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ നടപ്പാക്കാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

8) തുടർന്ന് വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*"ഡയറക്ടേറ്റിലെ നിലവിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ സിസ്റ്റത്തിലേക്ക് മാറ്റണമെന്ന ഉ.ഭ.പ.വ. ശുപാർശയോട് യോജിക്കുന്നു. ആയതിനാൽ പ്രസ്തുത ഓഫീസിൽ നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ട് ആക്കി മാറ്റുന്നതിനും അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്ക് തസ്തികകളാക്കി മാറ്റുന്നതിനും അനുവാദം നൽകുന്നു.*

*പ്രോസിക്യൂഷൻ ഡയറക്ടേറ്റിൽ ഒരു അക്കൗണ്ട്സ് കം - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഒരു ജൂനിയർ സൂപ്രണ്ട്, രണ്ട് ക്ലാർക്ക് തസ്തികകൾ അധികമായി സൃഷ്ടിക്കണമെന്ന ശുപാർശയും എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ഓഫീസുകളിൽ*

*ഓരോ ടൈപ്പിസ്റ്റ് തസ്തിക (ആകെ 14 എണ്ണം) സൃഷ്ടിക്കണം എന്ന ശുപാർശയും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസം പരിഗണിച്ച് അംഗീകരിക്കാൻ കഴിയില്ല. എന്നാൽ അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്കായി മാറ്റുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ലാഭം കണക്കിലെടുത്ത് ഡയറക്ടേറ്റിൽ രണ്ട് ക്ലാർക്ക് തസ്തിക അധികമായി സൃഷ്ടിക്കുന്നതിന് അനുവാദം നൽകുന്നു*

*ജോയിന്റ് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ എന്നൊരു തസ്തിക ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമോ വിശേഷാൽ ചട്ടങ്ങൾ പ്രകാരമോ പ്രസിക്യൂഷൻ ഡയറക്ടേറ്റിൽ നിലവിലില്ല. അതായത് ജോയിന്റ് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ തസ്തിക പുതിയൊരു category of post ആണ്. ഇത്തരത്തിലൊരു തസ്തികയുടെ യോഗ്യതയോ ജോലി സ്വഭാവമോ നിയമന രീതിയോ ശമ്പളസ്കെയിലോ സംബന്ധിച്ച് യാതൊരു ഉത്തരവുകളും നിലവിലില്ല. ഈ സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ തസ്തിക ഉയർത്തി ജോയിന്റ് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ തസ്തിക ആക്കണമെന്ന ശുപാർശയും അംഗീകരിക്കാൻ കഴിയില്ല.*

*ഇതിനു ബഹു. മന്ത്രി(ധനകാര്യം) യുടെ അംഗീകാരം ഉണ്ട്.''*

9) വിഷയത്തിൽ കൂടുതൽ വ്യക്തതയ്ക്കായും, പ്രത്യേകിച്ചും ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഒഴിവാക്കിക്കൊണ്ട് ക്ലറിക്കൽ കേഡറിൽ നിന്നും പ്രമോഷൻ തസ്തികയായി സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കാവുന്നതാണോ എന്നത് സംബന്ധിച്ചും ഫയൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പിലേക്ക് അയക്കുകയും പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഈ വിഷയത്തിൽ വ്യക്തത വരുത്തുകയും ചെയ്തു.

*"അക്കൗണ്ട്സ്-കം-അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക സൃഷ്ടിക്കാൻ അനുമതി നൽകിയിട്ടില്ല എന്നും ക്ലാർക്ക്, സീനിയർ സൂപ്രണ്ട് തസ്തികകൾ common category തസ്തികകൾ ആയതിനാൽ ടി തസ്തികകളുടെ വിശേഷാൽ ചട്ടങ്ങളിൽ ബാധകമായ നിയമന രീതിയാണ്*

*അവലംബിക്കേണ്ടത് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."*

10) ശിപാർശകൾ നടപ്പിലാക്കുന്നതിനു മുൻപ്, ധനകാര്യ വകുപ്പ് അനുവദിച്ച പ്രകാരം പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും സ്റ്റാഫ് പാറ്റേൺ മാറ്റുന്നത് സംബന്ധിച്ചും കൂടാതെ സീനിയർ സൂപ്രണ്ട് തസ്തികയിലെ നിയമനരീതി സംബന്ധിച്ചും അഭിപ്രായത്തിനും സ്പഷ്ടീകരണത്തിനുമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ സമീപിക്കുകയും ടി വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*"ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ തലവനായിട്ടുള്ള സംസ്ഥാന പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ കീഴിലുള്ള ജില്ലാ ഓഫീസുകളിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.2) വകുപ്പ് പ്രവൃത്തിപഠനം നടത്തി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുതകുന്ന ശിപാർശകൾ സഹിതമുള്ള സമഗ്രമായ റിപ്പോർട്ടാണ് സമർപ്പിച്ചത്. ആയതിൽ താഴെ പറയും പ്രകാരമുള്ള 18 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു.*

| ക്രമ നം. | ഓഫീസ് | തസ്തിക | എണ്ണം |
|---|---|---|---|
| 1 | ഡയറക്ടറേറ്റ് | അക്കൗണ്ട്സ്-കം-അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (പൊതുഭരണ വകുപ്പ് അണ്ടർ സെക്രട്ടറി റാങ്കിൽ) | 1 |
| 2 | ഡയറക്ടറേറ്റ് | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | ഡയറക്ടറേറ്റ് | ക്ലർക്ക് | 2 |

| | | | |
|---|---|---|---|
| 4 | ജില്ലാ ഓഫീസുകൾ | ടൈപ്പിസ്റ്റ് | 14 |
| | | **ആകെ** | 18 |

ഡയറക്ടറേറ്റിൽ പദവി ഉയർത്താൻ ശിപാർശ ചെയ്ത തസ്തിക

| **നിലവിലെ തസ്തിക** | **പുതിയ തസ്തിക** | **എണ്ണം** |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ | ജോയിന്റ് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ | 1 |

ഡയറക്ടറേറ്റിൽ പുനർനാമകരണം ചെയ്യാൻ ശിപാർശ ചെയ്ത തസ്തികകൾ

| **നിലവിലെ തസ്തിക** | **പുനർനാമകരണം ചെയ്യേണ്ടത്** | **എണ്ണം** | **സാമ്പത്തിക ബാധ്യത** |
|---|---|---|---|
| സെക്ഷൻ ഓഫീസർ | സീനിയർ സൂപ്രണ്ട് | 1 | ഇല്ല |
| അസിസ്റ്റന്റ് | ക്ലർക്ക് | 3 | കുറയുന്നു. |

*സംസ്ഥാന പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ സെക്രട്ടറിയേറ്റ് സ്റ്റാഫ് പാറ്റേണും സബോർഡിനേറ്റ് ഓഫീസുകളിലെ ക്ലറിക്കൽ പാറ്റേണും ഇടകലർന്ന സ്റ്റാഫ് സംവിധാനമാണ് നിലവിലുള്ളത്. ആയത് ഏകീകരിച്ച് പൂർണ്ണമായും ക്ലറിക്കൽ പാറ്റേണിലേക്ക് മാറ്റാൻ ശിപാർശ ചെയ്തിരുന്നു ആയത് മുൻനിർത്തിയും ഓഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായാണ് സീനിയർ സൂപ്രണ്ടിന്റെ ഫീഡർ കാറ്റഗറി തസ്തികയായ ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക പുതുതായി സൃഷ്ടിക്കാൻ ഈ വകുപ്പ് ശിപാർശ ചെയ്തത്. എന്നാൽ സ്റ്റാഫ് പാറ്റേൺ ക്ലറിക്കൽ തസ്തികയിലേക്ക് മാറ്റാൻ അനുമതി നൽകിയ ധനവകുപ്പ് അക്കൗണ്ട്സ്-കം-*

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജൂനിയർ സൂപ്രണ്ട് , ക്ലർക്ക്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലായി 18 തസ്തികകൾ സൃഷ്ടിക്കാൻ ശിപാർശ ചെയ്തതിൽ 2 ക്ലർക്ക് തസ്തികകൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ധനവകുപ്പിന്റെ ഇത്തരത്തിലുള്ള അഭിപ്രായം, ഫീൽഡ് സന്ദർശനത്തിന്റേയും വകുപ്പിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളുടേയും ജീവനക്കാരുമായി നേരിട്ട് സംവദിച്ചും വസ്തുനിഷ്ഠമായും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചും തയ്യാറാക്കുന്ന പ്രവൃത്തി പഠന റിപ്പോർട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെത്തന്നെ തകിടം മറിക്കുന്നതാണ്. റിപ്പോർട്ടിലെ ശിപാർശകളിലെ ചെറിയൊരു ഭാഗം മാത്രം നടപ്പാക്കണമെന്ന തരത്തിൽ ധനവകുപ്പ് അനുമതി നൽകുന്നത് തീർത്തും അഭികാമ്യമല്ല. ആയതിനാൽ സീനിയർ സൂപ്രണ്ട് തസ്തികയുടെ ഫീഡർ കാറ്റഗറി തസ്തികയായ ജൂനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള ഈ വകുപ്പിന്റെ കാതലായ ശിപാർശകൾ അതേപടി അംഗീകരിച്ച് അനുമതി നൽകുന്നതിനായി ആഭ്യന്തര വകുപ്പ് ഫയൽ ധനകാര്യവകുപ്പിന് വീണ്ടും കൈമാറാവുന്നതാണ്"

"മുൻ ഖണ്ഡികയിലെ ഈ വകുപ്പിന്റെ അഭിപ്രായത്തിന്റെ തുടർച്ചയായി താഴെ പറയുന്ന വിവരം കൂടി അറിയിക്കുന്നു.

പ്രവൃത്തി പഠനം നടത്തിയ വകുപ്പ് എന്ന നിലയിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-2) വകുപ്പിന്റെ അഭിപ്രായം കുറിപ്പ് നമ്പർ 34-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഇല്ലാതെ സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുമ്പോൾ പിന്തുടരേണ്ട നിയമനരീതി സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ - എ) വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഇല്ലാതെ സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കപ്പെടുമ്പോൾ, സീനിയർ സൂപ്രണ്ട് തസ്തികയ്ക്ക് കേരള ജനറൽ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത നിയമനരീതി തന്നെ പിന്തുടരുന്നതിൽ തടസ്സമില്ല എന്നറിയിക്കുന്നു. സീനിയർ

*സൂപ്രണ്ട് തസ്തികയ്ക്ക് കേരള ജനറൽ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന നിയമനരീതി reference-ൽ കാണാവുന്നതാണ്.*

11) കേരള ജനറൽ സർവീസ് റൂൾസ് അനുസരിച്ച്, സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള നിയമന രീതി ഇപ്രകാരമാണ്:-

*Recruitment by transfer from among Junior Superintendents, Head Clerks or Chief Accountants in Kerala Ministerial Subordinate Service employed in the Department unit;*

or

*If no qualified candidate is available for such transfer, recruitment by transfer from the category of U.D clerks employed in the Departmental Unit.*

12) താഴെ പറയുന്ന നിർദ്ദേശങ്ങളിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ,

(1) പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ ഏകീകൃത ക്ലറിക്കൽ പാറ്റേണിലേക്ക് മാറ്റുന്നതിന്;

(2) സെക്ഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ട് ആക്കി മാറ്റുന്നതിന്;

(3) മൂന്ന് അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്ക് തസ്തികകളാക്കി മാറ്റുന്നതിന്;

(4) ഡയറക്ടേറ്റിൽ രണ്ട് ക്ലാർക്ക് തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിന്.?

ബഹു.മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവ് നൽകുകയുണ്ടായി

*"മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക. "*

13) ബഹു.മുഖ്യമന്ത്രിയുടെ മേൽ ഉത്തരവ് പ്രകാരം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ചുവടെപറയുന്ന കാര്യങ്ങൾ കൂടി പരിശോധിച്ച് അതിനനുസൃതമായി കരട്കുറിപ്പ് ഭേദഗതി വരുത്തി നൽകാൻ നിർദേശിച്ച് ഫയൽ

മടക്കിയിരുന്നു. പ്രസ്തുത വിഷയങ്ങളും ആയതിനുള്ള വിശദീകരണവും ഒരു പട്ടിക രൂപത്തിൽ സമർപ്പിച്ചിരുന്നു. എന്നാൽ നിലവിൽ ക്ലർക്ക്- സീനിയർ ക്ലാർക്കുമാരുടെ അനുപാതം നിശ്ചയിച്ചുകൊണ്ട് 2023-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതുചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരം സീനിയർ സൂപ്രണ്ടിന്റെ ഫീഡർ കാറ്റഗറി തസ്തിക സീനിയർ ക്ലാർക്കായിരിക്കും. ഇക്കാര്യങ്ങൾ കുറിപ്പിൽ ഒരിടത്തും പരാമർശിച്ചു കാണാത്തതിനാൽ 2023-ലെ ഉത്തരവിന്റെ വിശദാംശങ്ങളും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ വ്യക്തത വരുത്തി കരട് കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കുവാൻ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പുനപരിശോധിക്കുകയുണ്ടായി പ്രസ്തുത വിഷയങ്ങളും ഭേദഗതി വരുത്തിയ വിശദീകരണവും ചുവടെ ചേർക്കുന്നു.

| **വിശദീകരണം ആവശ്യപ്പെട്ട വിഷയങ്ങൾ** | **വിശദീകരണം** |
|---|---|
| 1. പ്രോസിക്യൂഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് തസ്തികകളുടെ നിയമനരീതി അന്യത്രസേവനം മുഖേന ആയതിനാൽ പ്രസ്തുത തസ്തികകൾ സീനിയർ സൂപ്രണ്ട്, ക്ലർക്ക് എന്നിങ്ങനെ പാറ്റേൺ മാറ്റുമ്പോൾ അവയുടെ നിയമന രീതി എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കേണ്ടതുണ്ട്. | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ - എ) വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഇല്ലാതെ സീനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കപ്പെടുമ്പോൾ, സീനിയർ സൂപ്രണ്ട് തസ്തികയ്ക്ക് കേരള ജനറൽ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത നിയമനരീതി തന്നെ പിന്തുടരുന്നതിൽ തടസ്സമില്ല എന്ന് അറിയിച്ചിട്ടുണ്ട്. സീനിയർ സൂപ്രണ്ട് തസ്തികയ്ക്ക് കേരള ജനറൽ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന |

| | |
|---|---|
| | നിയമനരീതി ഖണ്ഡിക 11 ൽ കാണാവുന്നതാണ്. നിലവിൽ വകുപ്പിൽ ഇതു സംബന്ധിച്ച് വിശേഷാൽ ചട്ടങ്ങൾ നിലവിലില്ല പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ സിസ്റ്റത്തിലേക്ക് മാറ്റുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ കൂടി രൂപീകരിക്കേണ്ടതുണ്ട്. |
| 2. ക്ലർക്കിന്റെ ഒരു സ്ഥിരം തസ്തിക മാത്രമെ നിലവിലുള്ളൂ (മറ്റു തസ്തികകൾ അന്യത്രസേവനം വഴി നികത്തുന്ന റവന്യൂ വകുപ്പിന്റെ കേഡർ തസ്തികകളാണ്) എന്നതിനാൽ ജനറൽ സർവ്വീസ് ചട്ടങ്ങൾ പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായി ഫീഡർ കാറ്റഗറി തസ്തികയിൽ ആവശ്യമായ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക്/ ചീഫ് അക്കൗണ്ടന്റ്/ യു.ഡി. ക്ലർക്ക് തസ്തികകൾ ഇല്ലാത്ത സാഹചര്യത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്തുന്നത് എപ്രകാരമാണ്. | പ്രോസിക്യൂഷൻ വകുപ്പിനു കീഴിൽ 25 ക്ലറിക്കൽ തസ്തികകൾ നിലവിലുണ്ട്. 06.03.2023 ലെ സ.ഉ (കൈ) 86/2023/ആഭ്യന്തരം ഉത്തരവ് പ്രകാരം 25 ക്ലർക്ക് തസ്തികകൾ 1: 1 അനുപാതത്തിൽ 13 ക്ലർക്ക് 12 സീനിയർ ക്ലർക്ക് തസ്തികകളായി വിഭജിച്ചിട്ടുണ്ട്. പ്രോസിക്യൂഷൻ വകുപ്പിൽ 12 സീനിയർ ക്ലർക്ക് തസ്തികകൾ നിലവിലുള്ള സാഹചര്യത്തിൽ ജനറൽ സർവ്വീസ് ചട്ടങ്ങൾ പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകുന്നതിനായുള്ള ഫീഡർ കാറ്റഗറി തസ്തിക സീനിയർ ക്ലാർക്ക് തസ്തികയാണ് |
| 3. ജില്ലാ ഓഫീസുകളിൽ നിലവിലുള്ള റവന്യൂ വകുപ്പിന്റെ തസ്തികകൾ | പ്രോസിക്യൂഷൻ ഡയറക്ടറേറ്റിനു കീഴിലുള്ള ജില്ലാ കാര്യാലയങ്ങളിൽ |

| | |
|---|---|
| പ്രോസിക്യൂഷൻ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശ പരിഗണിച്ച് അക്കാര്യത്തിൽ കൂടി തീരുമാനമെടുക്കേണ്ടതുണ്ട്. | നിലവിലുണ്ടായിരുന്ന റവന്യൂ വകുപ്പിന്റെ തസ്തികകൾ സഉ(കൈ)നം. 106/2018/ആഭ്യന്തരം തീയതി 28.06.2018 (അനുബന്ധം സി) സർക്കാർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ സമ്മതപത്രം വാങ്ങിയ ശേഷം പ്രോസിക്യൂഷൻ വകുപ്പിലേക്ക് ലയിപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ 45 ജീവനക്കാരെ(42 ഓഫീസ് അറ്റൻഡന്റ് + 3 ക്ലർക്ക്) പ്രോസിക്യൂഷൻ വകുപ്പിലേക്ക് ലയിപ്പിച്ചിട്ടുണ്ട്. |

## തീരുമാനിക്കേണ്ട വിഷയങ്ങൾ

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ അനുമതി നൽകാമോ?

(എ) പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ സിസ്റ്റത്തിലേക്ക് മാറ്റുന്നതിന്;

(ബി) പ്രസ്തുത ഓഫീസിൽ നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തിക സീനിയർ സൂപ്രണ്ട് ആക്കി മാറ്റുന്നതിന്;

(സി) നിലവിലുള്ള അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്ക് തസ്തികകളാക്കി മാറ്റുന്നതിന് ;

(ഡി) അസിസ്റ്റന്റ് തസ്തികകൾ ക്ലാർക്കായി മാറ്റുമ്പോൾ ഉണ്ടാകുന്ന

സാമ്പത്തിക ലാഭം കണക്കിലെടുത്ത് ഡയറക്ടേറ്റിൽ രണ്ട് ക്ലാർക്ക് തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിന്;

(ഇ) മേൽ പ്രകാരം വകുപ്പിലെ സ്റ്റാഫ് സംവിധാനം ക്ലറിക്കൽ പാറ്റേണിലേക്ക് മാറുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് പ്രോസിക്യൂഷൻ ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന്;

## അനുബന്ധം എ

### തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർകൾ

i) പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലുമായി താഴെ പറയും പ്രകാരമുള്ള 18 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിന് ഭരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഫീസ് | തസ്തിക | എണ്ണം |
|---|---|---|
| ഡയറക്ടറേറ്റ് | അക്കൗണ്ട്സ് കം-അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| ഡയറക്ടറേറ്റ് | ജൂനിയർ/സൂപ്രണ്ട് | 1 |
| ഡയറക്ടറേറ്റ് | ക്ലർക്ക് | 2 |
| ഡയറക്ടറേറ്റ് | ടൈപ്പിസ്റ്റ് | 14 |
| **ആകെ** | | **18** |

ii) ഡയറക്ടറേറ്റിലെ താഴെ പറയുന്ന തസ്തികകൾ ശിപാർശ ചെയ്യപ്പെട്ട സ്റ്റാഫ് പാറ്റേണിനനുസൃതമായി പുന:ക്രമീകരണം ചെയ്യേണ്ടതാണ്.

| നിലവിലെ തസ്തിക | പുനർനാമകരണം/ പുന ക്രമീകരണം | എണ്ണം | സാമ്പത്തിക ബാധ്യത |
|---|---|---|---|
| സെക്ഷൻ ഓഫീസർ | സീനിയർ സൂപ്രണ്ട് | 1 | ഇല്ല |
| അസിസ്റ്റന്റ് | ക്ലർക്ക് | 3 | കുറയുന്നു |

iii) <u>പദവി ഉയർത്തേണ്ട തസ്തിക</u>

| തസ്തിക | പുതിയ തസ്തിക | എണ്ണം |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (ഡയറക്ടറേറ്റ്) | ജോയിന്റ് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ | 1 |

iv) പ്രോസിക്യൂഷൻ വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിലവിലുള്ള തസ്തികകൾ റവന്യൂ വകുപ്പിന്റെ തസ്തികകളാണ്. എന്നാൽ ടി തസ്തികകൾ ഇപ്പോൾ പ്രോസിക്യൂഷൻ വകുപ്പാണ് ഉപയോഗിച്ച് വരുന്നത്. പ്രോസിക്യൂഷന് സ്വതന്ത്ര ഡയറക്ടറേറ്റ് രൂപീകരിച്ച സ്ഥിതിക്ക് പ്രോസിക്യൂഷൻ വകുപ്പിൽ മറ്റൊരു വകുപ്പിന്റെ കേഡർ തസ്തികകൾ തുടരുന്നത് അഭികാമ്യമല്ല. ടി തസ്തികകൾ റവന്യൂ വകുപ്പിന് തിരികെ നൽകിയാൽ പ്രോസിക്യൂഷൻ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടി വരികയും അത് സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. ആയതിനാൽ ടി തസ്തികകൾ പ്രോസിക്യൂഷൻ വകുപ്പിന്റെ കേഡർ തസ്തികകളായി മാറ്റുന്നതാണ് ഉചിതം. അതിലേക്കായി ജില്ലാ ഓഫീസുകളിലെ ക്ലർക്ക്, ഓഫീസ് അറ്റന്റന്റ് തസ്തികകൾ (ഒന്നു വീതം) റവന്യൂ വകുപ്പിൽ നിന്നും പ്രോസിക്യൂഷൻ വകുപ്പിലേക്ക് കൈമാറിയതായി കണക്കാക്കി റവന്യൂ വകുപ്പിന്റെ സമ്മതത്തിന് വിധേയമായി ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

## അനുബന്ധം (ബി)

### ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പൊതു ശിപാർശകൾ

1) ഡയറക്ടറേറ്റിലെ ക്ലറിക്കൽ ജോലികൾ ലിസ്റ്റ് ചെയ്ത് ശിപാർശ ചെയ്യപ്പെട്ട പ്രകാരമുള്ള ലീഗൽ, എസ്റ്റാബ്ലിമെന്റ് സെക്ഷനുകളിലേക്ക് വീതിച്ച് നൽകേണ്ടതും, ഓരോ സീറ്റിലും വിഷയ വിഭജനം നടത്തി ഓഫീസ് ഉത്തരവ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതുമാണ്. ക്ലർക്കുമാരുടെ മേൽനോട്ട ചുമതല പരിഷ്കരിച്ച ഓർഗനൈസേഷൻ ചാർട്ട് പ്രകാരം നിശ്ചയിക്കേണ്ടതും ആയത് പാലിക്കുന്നുവെന്ന് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

2) ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരെക്കൊണ്ട് ക്ലറിക്കൽ ജോലികൾ ചെയ്യിക്കുന്നത് ശരിയായ നടപടിയല്ല ടി തസ്തികയിലെ ജീവനക്കാർ അതത് തസ്തികകളിൽ നിക്ഷിപ്തമായ ജോലികൾ ചെയ്യുന്നു എന്ന് ഡയറക്ടർ ഉറപ്പ വരുത്തേണ്ടതാണ്.

3) 28.06.2018 ലെ സ.ഉ(കൈ) നം.106/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം പ്രോസിക്യൂഷൻ വകുപ്പിൽ തുടരാൻ ഓപ്ഷൻ നൽകിയ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യത്തിൽ സീനിയോരിറ്റി നിശ്ചയിക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും, ശിപാർശ ചെയ്യപ്പെട്ട പ്രകാരമുള്ള തസ്തികൾ സൃഷ്ടിക്കുന്ന പക്ഷം/ റവന്യൂ വകുപ്പിൽ നിന്നും കൈമാറിക്കിട്ടുന്ന പക്ഷം ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4) ജില്ലാ തലത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ഓഫീസുകളുടെ പശ്ചാത്തല ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഡയറക്ടറേറ്റ് അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്. കോടതി സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ, ടി കെട്ടിടത്തിൽ ജില്ലാ ഓഫീസിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ നിയമ വകുപ്പുമായി കൂടിയാലോചിച്ച് ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ടതാണ്. ഇത്തരം പ്രൊപ്പോസലുകൾ ഡയറക്ടർ യഥാസമയം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

5) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും അതിന്റെ അന്തസത്തയ്ക്കനുസരിച്ചും സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കനുസൃതമായും വ്യാഖ്യാനിച്ച് കോടതി മുമ്പാകെ സമർത്ഥിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് ഓരോ ഡി.ഡി.പി മാർക്കും ഉള്ളത്. എന്നാൽ ജില്ലാ ഓഫീസറായ ഡി.ഡി.പി. യ്ക്ക് ഒരു ഔദ്യോഗിക വാഹനം അനുവദിച്ചിട്ടില്ല എന്നത് ഇത്തരത്തിൽ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു

പ്രധാനപ്പെട്ട ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ജില്ലാ ഓഫീസർ എന്ന നിലയിൽ ഡിഡി.പി മാർക്ക് ഔദ്യോഗിക വാഹനത്തിന് പൂർണ്ണമായും അർഹതയുള്ളതാണ്. ഇക്കാര്യത്തിന് ഒരു താൽക്കാലിക പരിഹാരമെന്ന നിലയിൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നിന്നും ഡ്രൈവർ ഉൾപ്പെടെ ഒരു വാഹനം ഡി.ഡി.പി മാരുടെ ഉപയോഗത്തിന് വിട്ടു നൽകുന്ന കാര്യം ആഭ്യന്തര വകുപ്പ് പരിഗണിക്കേണ്ടതും സംസ്ഥാന പോലീസ് മേധാവിയുമായി കൂടിയാലോചിച്ച് ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

6) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിലെ മിനിസ്റ്റീരിയൽ തസ്തികകളുടെ കാര്യത്തിൽ നിലവിലെ സ്ഥിതി തുടരേണ്ടതും, ടി ഓഫീസുകളിൽ പൊതുവായി മിനിസ്റ്റിരിയൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കണമെന്ന് ഭരണ വകുപ്പ് കരുതുന്ന പക്ഷം അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകൾ മാത്രം ഉൾപ്പെടുത്തി പ്രവൃത്തി പഠനം നടത്തുന്ന കാര്യത്തിൽ ഉചിത തലത്തിൽ തീരുമാനം കൈക്കൊണ്ട് ആവശ്യമായ ശിപാർശ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

അനുബന്ധം. സി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ്- പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ 25 ക്ലാർക്ക് തസ്തികകളെ 1:1 എന്ന ആനുപാതത്തിൽ ക്ലാർക്ക്, സീനിയർ ക്ലർക്ക് തസ്തികയായി വിഭജിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര (എസ്) വകുപ്പ്

സ.ഉ.(കൈ) നം.86/2023/HOME തീയതി,തിരുവനന്തപുരം, 16-03-2023

പരാമർശം:-
1. 15.11.1980 തിയതിയിലെ സ.ഉ.(സാധാ) നം.2458/1980/ ആഭ്യന്തരം നമ്പർ ഉത്തരവ്
2. 28.06.2018 തിയതിയിലെ സ.ഉ(കൈ) നം.106/2018/ആഭ്യന്തരം നമ്പർ ഉത്തരവ്
3. ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ 24.06.2022, 06.12.2022 തിയതിയിലെ 1632/C/2022/ഡി.ജി.പി നമ്പർ കത്ത്.

ഉത്തരവ്

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിനു കീഴിൽ 25 ക്ലറിക്കൽ തസ്തികകളാണ് നിലവിലുള്ളത്. ക്ലറിക്കൽ തസ്തിക 1:1 എന്ന ആനുപാതത്തിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തിക അനുവദിക്കണമെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിക്കുകയും പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ 25 ക്ലാർക്ക് തസ്തികകളെ 1:1 എന്ന ആനുപാതത്തിൽ 13 ക്ലാർക്ക് തസ്തികയായും 12 സീനിയർ ക്ലർക്ക് തസ്തികയായും വിഭജിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി.എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ(ഭരണം), എറണാകുളം
ബന്ധപ്പെട്ടവർ (ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ(ഭരണം) മുഖേന)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളാ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2311687: EXP-A4/4/2023-FIN)
വിവര പൊതു ജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (E-2142692)

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 16-03-2023 17:17